ഉത്തരം

(എ) ഉണ്ട്.

(ബി) 276-ാം നമ്പർ ശുപാർശയനുസരിച്ച് സംസ്ഥാനത്തുള്ള ഓരോ ഐ. സി. ഡി. എസ്സ്. ബ്ലോക്കിലും ഓരോ വനിതാ സംഘം രൂപീകരിക്കുക എന്ന ലക്ഷ്യം മുൻനിറുത്തി 62 വനിതാ സംഘങ്ങൾ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങൾ

987 [1184] ശ്രീ. എം. പി. എം. ഇസ്മായിൽ കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് എത്ര മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഉണ്ട്;

(ബി) ഇവയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) 12 സംഘങ്ങൾ.

(ബി) ഇവയിൽ 11 സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ

988 [1185] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെപ്പറ്റി കൊങ്ങശ്ശേരി കൃഷ്ണൻ സ്മാരക ഗിരിജന കേന്ദ്രം വല്ല റിപ്പോർട്ടും ഗവൺമെന്റിന് നൽകിയിട്ടുണ്ടോ;

(ബി) സൊസൈറ്റിയുടെ പ്രവർത്തനം അഭിവൃദ്ധിപ്പെടുത്താൻ എന്തെങ്കിലും നിർദ്ദേശം പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ അവ വ്യക്തമാക്കാമോ, ഇതിൻമേൽ എടുത്ത നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതിനായി പ്ലാനിംഗ് വകുപ്പ് 21-5-1986-ൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടുകയും ലാൻറ് ഡെവലപ്പ്മെൻറ് ബാങ്ക് ഇത് സംബന്ധിച്ച് പഠനം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കണമെന്ന് തീരുമാനിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് കുറച്ച് ദിവസങ്ങൾക്ക് മുമ്പ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അവ പ്ലാനിംഗ് വകുപ്പ് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly